ശ്രീ. ആർ. ശങ്കർ : അങ്ങനെ വരുമാനമുള്ളവരായാൽ ഡെസ്റ്റിറ്റ്യൂട്ടാകുകയില്ല. വേറെ വരുമാനമൊന്നുമില്ലെങ്കിൽ പെൻഷൻ കൊടുക്കും. വേറെ വരുമാനമുള്ളതു് കൊടുക്കുന്ന പെൻഷനേക്കാൾ കുറവാണെങ്കിൽ വ്യത്യാസം എത്രയാണെന്നു കണക്കാക്കി അത്രയും തുക കൊടുക്കാം.

ശ്രീ. സി. എം. കുട്ടി : വാർദ്ധക്യകാല പെൻഷനു അപേക്ഷ അയച്ചാൽ അതു കെട്ടിക്കിടക്കുന്നതു് വയസ്സു് തെളിയിക്കുന്ന കാര്യത്തിലുള്ള വിഷമംകൊണ്ടാണു്. ഇപ്പോഴും വയസ്സു് നിശ്ചയിക്കുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നതു് കളക്ടർക്കാണു്. അതുകൊണ്ടാണു് കൂടുതൽ കാലതാമസം ഉണ്ടാകുന്നതു്. അതുകൊണ്ടു് താലൂക്കു് ലെവലിലും വില്ലേജു് ലെവലിലും വയസ്സു് നിർണ്ണയിക്കുന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിനു് വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : വയസ്സു് നിശ്ചയിക്കൽ, വ്യക്തമായി പറയാൻ കഴിയാത്ത ഒരു കാര്യമാണു്. വയസ്സു് നിശ്ചയിക്കുന്നതിനുള്ള വിവേചനാധികാരം എല്ലാ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. ഇപ്പോഴും അതിനുള്ള അധികാരം കളക്ടർക്കു് കൊടുത്തിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : താമസിക്കാൻ ഒരു ചെറിയ പുര മാത്രം ഉണ്ടെങ്കിൽ സ്വന്തമാണെന്നു പരിഗണിച്ചു് വാർദ്ധക്യകാല പെൻഷൻ നിഷേധിക്കുന്ന കേസുകളുണ്ടു്. താമസിക്കുന്നതിനു് സൗകര്യമില്ലെങ്കിൽ തെണ്ടി എന്നു പറഞ്ഞു് അങ്ങനെ നിഷേധിച്ച കേസുകളുമുണ്ടു്. ഇതു നിഷ്ഠുരത കാണിക്കാതെ ന്യായമായ രീതിയിൽ ഇതു കൈകാര്യം ചെയ്യുന്നതിനു് വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : നിഷ്ഠുരതയുടെ ഫലമായിട്ടാണു് ഇങ്ങനെയുള്ള ഒരേർപ്പാടു് വച്ചിരിക്കുന്നതെന്നു ആരും വിചാരിക്കുമെന്നു് തോന്നുന്നില്ല. ഇതു പ്രയോഗിക്കുന്ന കാര്യത്തിൽ വല്ല ഉദ്യോഗസ്ഥന്മാരും ആവശ്യമില്ലാതെ കർശനമായി എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നുള്ളതൊന്നും പറയുവാൻ കഴിയുകയില്ല. പരാതി വന്നാൽ അതേപ്പറ്റി തീർച്ചയായും അന്വേഷിക്കും. പൊതുവിൽ കൊടുത്തിട്ടുള്ള നിർദ്ദേശം അതു അർഹിക്കുന്ന എല്ലാ ആളുകൾക്കും തന്നെ കൊടുക്കാൻ തക്കവിധം പെരുമാറണമെന്നാണു്.

Workshop training centre for the Physically Handicapped Persons

* 969. [7] **Shri K. C. Abraham** : Will the Minister for Labour be pleased to state :

(a) do Government contemplate the opening of a workshop training centre for the physically handicapped persons ;

(b) has any voluntary organisation offered to take steps to rehabilitate the physically handicapped and to provide employment opportunities for them in industries ; if so which are they ; and

(c) have Government given them any help ?

Chief Minister (**Shri R. Sankar**) :

(a) Yes. (At Karamana Trivandrum under the Third five Year Plan.)

(b) The Kerala Blind Welfare Association, Mankada, Pallippuram, has reported that they are running an institution viz., the Kerala Industrial Home for the Blind, Mankada pallippuram, where training is given to blind children in vocational subjects such as weaving, coir works, rattan work and music.

(c) The question of giving financial assistance for the institution is under consideration of Government.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് : ഇങ്ങനെയുള്ള ആളുകൾ ഓരോ ദിക്കിലും പ്രയാസപ്പെട്ട് പഠിച്ചുവന്നിട്ട് യാതൊരു ജോലിയും കിട്ടാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് ജോലി കൊടുക്കുന്നതിനുള്ള സ്ഥാപനം ഉണ്ടാകുന്നതായാൽ അതു വളരെ പ്രയോജന കരമായിരിക്കും. ഇവർ വളരെയധികം നമ്പർ കാണുകയില്ല. അതുകൊണ്ട് അവർക്ക് ജോലി ചെയ്യാൻ സൗകര്യമുള്ള എന്തെങ്കിലും ഒരു സ്ഥാപനമുണ്ടാക്കാൻ ഗവണ്മെന്റ് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആ ഉദ്ദേശത്തോടുകൂടിയാണ് കരമനയിൽ ഒരു വർക്ഷോപ്പ് ഉണ്ടാക്കുന്നതു്. ഇപ്പോൾ ജോലി പരിചയമുള്ള ആളുകളെ അവിടെ നിയമിക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റു വിചാരിക്കുന്നതു്. അധികം ആളുകൾ ഉണ്ടെന്നു കാണുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ച കാര്യത്തെപ്പറ്റി ആലോചിക്കാം.

റീ എംപ്ലോയിഡ് ടീച്ചർമാർ

* 970. [8] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ എംപ്ലോയിഡ് ടീച്ചർമാരുടെ സംഘടനയിൽ നിന്ന് ഗവണ്മെൻറിനു കിട്ടിയ നിവേദനങ്ങളിൽ അവരുടെ എന്തെല്ലാം അവശതകൾ പരിഹരിക്കാൻ അഭ്യർത്ഥിച്ചിരുന്നു ;

(ബി) അതിന്മേൽ എന്തു നടപടികളെടുത്തു;

(സി) അവർക്ക് അനുവദിച്ചുകൊടുത്തിരുന്ന ഇംക്രിമെൻറ് അടക്കമുള്ള തുക മടക്കി അടയ്ക്കാൻ ആവശ്യപ്പെട്ടതിന്മേൽ എന്തു തീരുമാനമെടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) നാർത്തു് കേരള റീ എംപ്ലായ്ഡ് ടീച്ചേഴ്സ് അസോസിയേഷനിൽ നിന്നു് കിട്ടിയ നിവേദനത്തിൽ സറണ്ടേർഡ് പ്രൈമറി അദ്ധ്യാപകർക്ക് നൽകുന്ന ഇൻക്രിമെൻറ് മുതലായ ആനുകൂല്യങ്ങൾ അവർക്കു നൽകണമെന്നു അഭ്യർത്ഥിച്ചിരുന്നു.

(ബി, സി) ജി. ഓ. എം. എസ്. 304/ എഡ്യുക്കേഷൻ ഡേറ്റഡ് 24–3–1958 അനുസരിച്ച് റീ എംപ്ലായ്മെൻറ് ലഭിച്ചിട്ടുള്ള അദ്ധ്യാപകർക്ക് ഇൻക്രിമെൻറ് നൽകുവാൻ വേണ്ട ഉത്തരവു് പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ജി. ഓ. എം. എസ്. 192/ എഡ്യുക്കേഷൻ ഡേറ്റഡ് 11–4–1961 അനുസരിച്ചു് പ്രോവിഡണ്ട് ഫണ്ട് വിഹിതവും നാലിലൊന്നു പെൻഷനും സറണ്ടർചെയ്തു റീ എംപ്ലായ്മെൻറ് വാങ്ങിയിട്ടുള്ള അദ്ധ്യാപകർക്ക് ഇൻക്രിമെൻറ് നൽകുന്ന കാര്യം ഗവണ്മെൻറ് പരിഗണിച്ചുവരികയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇങ്ങനെ പാസ്സാക്കിയിട്ടുണ്ടെങ്കിലും പല ആളുകൾക്കും ഇൻക്രിമെൻറ് അനുവദിച്ചു കിട്ടിയിട്ടില്ല എന്നുള്ള പരാതിയുണ്ടായ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ശ്രദ്ധയിൽപ്പെട്ടതായി തോന്നുന്നില്ല.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : റീ എംപ്ലായ്ഡ് ടീച്ചേഴ്സിനു അനുകൂലമായ ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസ്ട്രിക്റ്റു് ബോർഡിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ഗവണ്മെൻറ് ഏറ്റെടുത്ത സ്കൂളുകളിലെ ടീച്ചർമാർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല അങ്ങനെ ഗവണ്മെൻറ് ഏറ്റെടുത്ത സ്കൂളുകളിലെ റീ എംപ്ലായ്ഡ് ടീച്ചേഴ്സിനുകൂടി ഈ ആനുകൂല്യം ബാധകമാക്കാൻ ശ്രമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly